# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1856 — 04-12-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>,, അനിൽ അക്കര<br>,, ഹൈബി ഈഡൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
| (എ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | സ.ഉ (സാധാ) നമ്പർ 6581/2018 പൊ.ഭ.വ തിയ്യതി 08.10.2018 പ്രകാരം ശ്രീ.കെ.ടി അദീബിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജനറൽ മാനേജരായി നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ യോഗ്യത ബി.ടെക്ക്, പി.ജി.ഡി.ബി.എ യും 10 വർഷത്തെ ബാങ്കിംഗ് മേഖലകളിലെ പ്രൊജക്ട്, ഫിനാൻസ്, മൈക്രോഫിനാൻസ് എന്നിവയിലെ പ്രവൃത്തി പരിചയവു മാണ് |
| (ബി) | ഏത് രീതിയിലാണ് പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തിയതെന്ന് അറിയിക്കുമോ; ഇതിനായി പത്രങ്ങളിൽ പരസ്യം നൽകിയിരുന്നോ ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിയത് . കേരളത്തിലെ എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് പി.ആർ.ഡി മുഖേന പത്രക്കുറിപ്പ് നൽകിയിരുന്നു . കൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാക്കിയിരുന്നു . ചന്ദ്രിക , മാധ്യമം , ദേശാഭിമാനി എന്നീ പത്രങ്ങളിൽ വാർത്താക്കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട് . |
| (സി) | പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിച്ചവർ ആരൊക്കെയാണെന്നും ഇവരുടെ യോഗ്യതകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (സി) | (see table below) |

| നമ്പർ | പേര് | യോഗ്യത |
|---|---|---|
| 1 | സജാദ് മുഹമ്മദ് | ബി.കോം, എംബിഎ |
| 2 | ഷഹീർ കാലടി | ബി.കോം, എം.കോം, എംബിഎ |
| 3 | ബാബു. വി | ബി.എ, എം.എ, പി.ജി.ഡി.ബി.എ |
| 4 | അദീബ്.കെ.ടി | ബി.ടെക്ക്,പി.ജി.ഡി.ബി.എ |
| 5 | റിജാസ് ഹാരിത്ത് | ബി.കോം, എംബിഎ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ |
| 6 | അനസ്.വി.പി | ബി.ബി.എ, എംബിഎ, |
| 7 | മോഹനൻ.പി | ബി.എ, എംബിഎ |

| | | | |
|---|---|---|---|
| (ഡി) | ഇതിൽ എത്ര പേർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്നും ആരൊക്കെയാണ് പങ്കെടുത്തതെന്നും വ്യക്തമാക്കുമോ; | (ഡി) | ഇന്റർവ്യൂവിൽ 3 പേർ പങ്കെടുത്തു .പങ്കെടുത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു .<br>1. അനസ്. വി.പി<br>2. മോഹനൻ പി<br>3. സജാദ് മുഹമ്മദ് |
| (ഇ) | ഇന്റർവ്യൂവിൽ പങ്കെടുക്കാത്ത ഏതെങ്കിലും വ്യക്തിയെ ജനറൽ മാനേജരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കുമോ? | (ഇ) | ഉണ്ട് ; യോഗ്യതയുള്ളവരാരും ഇന്റർവ്യൂവിൽ പങ്കെടുക്കാതിരുന്നതിനെ തുടർന്ന് വിജ്ഞാപനപ്രകാരമുള്ള സെലക്ഷൻ നടപടികളെല്ലാം ഡയറക്ടർ ബോർഡ് അവസാനിപ്പിക്കുകയും കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞു ഒഴിവാകുകയും ചെയ്ത ഘട്ടത്തിൽ , ജനറൽ മാനേജർ തസ്തികയിലേക്കുള്ള നിയമനം അടിയന്തരമായി നടത്തേണ്ട സാഹചര്യമുണ്ടാകുകയും ധനകാര്യ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യതയുള്ള ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി കണ്ടെത്തുന്നതിന് ഡയറക്ടർ ബോർഡ് യോഗം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് മാനേജിങ് ഡയറക്ടർ ശിപാർശ ചെയ്ത് നൽകിയ നിർദ്ദേശം പരിഗണിച്ച് സർക്കാർ ജനറൽ മാനേജർ തസ്തികയിലേക്കുള്ള നിയമനം നടത്തുകയുമാണുണ്ടായത്. |

**സെക്ഷൻ ഓഫീസർ**